**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2715** **13-02-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ അന്തരീക്ഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകരമായ രീതിയിൽ ഈ സർക്കാർ സ്വീകരിച്ച എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായ സഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള നിയമനിർമ്മാണങ്ങളും നിയമഭേദഗതികളും ഉൾപ്പെടുന്ന നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തുടക്കം കുറിച്ചിരുന്നു.<br><br>K-സ്വിഫ്റ്റ് വഴി അനുവദിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാ റ്റഗറിയിൽപ്പെടാത്ത MSME സംരംഭങ്ങൾക്ക് 3 വർഷം വരെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുവാനുള്ള സംവിധാനംകൊണ്ടുവന്നു. ഈ പോർട്ടൽ വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് സംരംഭം തുടങ്ങാം.<br><br>19 വകുപ്പുകളുടെ 77 ലൈസൻസുകൾക്കായി KSWIFT വഴി ഓൺലൈൻ ആയി അപേക്ഷിക്കുവാൻ സാധിക്കുന്ന സംവിധാനം സജ്ജമാക്കി. ഇത് മൂലം, സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഓഫീസുകളിൽ പോയി ലൈസൻസിനായി അപേക്ഷിക്കേണ്ട സ്ഥിതി ഒഴിവായി.<br><br>2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിക്കുകയും ഈ ഒരു വർഷകാലയളവിൽ സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. 8 മാസം കൊണ്ടു തന്നെ പദ്ധതിയുടെ ഭൗതികലക്ഷ്യമായ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിഞ്ഞു. ഈ പദ്ധതി വഴി 2022-23 സാമ്പത്തിക വർഷം 1,39,840 സംരംഭങ്ങൾ പുതുതായി സംസ്ഥാനത്ത് ആരംഭിക്കുകയും അതുവഴി 8422.42 കോടി രൂപ നിക്ഷേപം വരികയും 3 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.<br><br>കൂടാതെ പുതിയ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി മറ്റ് പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കുകയുണ്ടായി |

| | | | |
|---|---|---|---|
| | | | വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി 1153 പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ നേതൃത്വത്തിൽ എകോപിപ്പിച്ചു. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്കു ഭൗതികലക്ഷ്യവും നിശ്ചയിച്ചു നൽകിയിരുന്നു.<br><br>സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.<br><br>സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.<br><br>ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.<br><br>വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.<br><br>എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.<br><br>എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.<br><br>വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനും അത് വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ട് പ്രവാസികൾക്കായി ശില്പശാല നടത്തി. |
| (ബി) | 2017 മുതൽ 2023 വരെ | (ബി) | |

വ്യവസായ രംഗത്തുണ്ടായ പ്രധാന മുന്നേറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ സാരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും വിധം വിപ്ലവകരമായ വളർച്ചയാണ് സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനം കൈവരിച്ചത്. ദേശീയതലത്തിൽ തന്നെ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടാൻ ഈ പ്രൊജക്റ്റിനു സാധിച്ചു. പദ്ധതിയിൽ 2022-23 ൽ 1,39,840 സംരംഭങ്ങൾ പുതിയതായി ആരംഭിക്കാനും 8422 കോടി രൂപയുടെ നിക്ഷേപം ആർജിക്കാനും 3,00,000 ത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. 2 ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ എന്ന ചരിത്രനേട്ടം കൈവരിക്കാൻ ഈ സർക്കാരിന്റെ കാലത്ത് സാധിച്ചു.

**മിഷൻ 1000**

തിരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇ കളെ 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്തുന്ന സ്കെയിൽ അപ് പദ്ധതിയാണ് മിഷൻ 1000. 3 വർഷമായി കേരളത്തിൽ ഉൽപാദന/സേവന രംഗത്ത് സംരംഭം നടത്തുന്ന, ഉദ്യം രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ നിന്ന് മാനദണ്ഡങ്ങൾക്കനുസൃതമായി 1000 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ഇവർക്കാവശ്യമായ സഹായം ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയിൽ ആനുകൂല്യങ്ങൾക്കായി mission1000.industry.kerala.gov.in എന്ന വെബ്സൈറ്റിൽ സംരംഭകർക്ക് അപേക്ഷിക്കാവുന്നതാണ്.

**കേരള വ്യവസായ നയം 2023**

ഉത്തരവാദിത്ത-സുസ്ഥിര നിക്ഷേപങ്ങൾ എന്ന കാഴ്ചപ്പാടിലൂന്നി സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് കേരള വ്യവസായ നയം 2023 വിഭാവനം ചെയ്യുന്നത്. ബഹിരാകാശ മേഖല, ആയുർവേദം, ബയോടെക്നോളജി, ഡിസൈനിംഗ്, നിർമിത ബുദ്ധി, ഇലക്ട്രോണിക് സിസ്റ്റം ഡിസൈനും മാനുഫാക്ചറിം, ഇലക്ട്രിക് വാഹനങ്ങൾ, എഞ്ചിനീയറിംഗും ഗവേഷണ വികസനവും, ഭക്ഷ്യ സാങ്കേതികവിദ്യ, ഗ്രാഫീൻ, ഹൈടെക് ഫാമിംഗ്, ഉയർന്ന മൂല്യവർധിത റബ്ബർ ഉൽപ്പന്നങ്ങൾ, ലോജിസ്റ്റിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, പുനരുപയോഗ ഊർജം, റീട്ടെയിൽ, റോബോട്ടിക്സ്, ടൂറിസവും ഹോസ്പിറ്റാലിറ്റിയും, ത്രീഡി പ്രിന്റിംഗ്, മറൈൻ ക്ലസ്റ്റർ എന്നിവയാണ് വ്യവസായ നയത്തിൽ മുൻഗണന നൽകുന്ന മേഖലകളിൽ ചിലത്. നിക്ഷേപ സബ്സിഡി, എസ്ജിഎസ്ടി റീഇംബേഴ്സ്മെന്റ്, ഉൽപ്പാദന മേഖലയ്ക്കുള്ള അപ്രന്റീസ്ഷിപ്പ് ഇൻസെന്റീവുകൾ എന്നിവ ഉൾപ്പെടെ നിരവധി പ്രോത്സാഹനങ്ങൾ/ഇൻസെന്റീവുകൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമാക്കി അത് വഴി വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു. 10 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനായ് 3 കോടി രൂപ വരെ ധനസഹായം നൽകുന്നു.

ലാൻഡ് അലോട്ട്മെന്റ് ആന്റ് അസൈൻമെന്റ് റൂൾസ്- 2023

വ്യവസായ ഭൂമിയുടെ കൈമാറ്റം, ഘടനാമാറ്റം, ആക്ടിവിറ്റി മാറ്റം, ലീസ് വ്യവസ്ഥയിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലേക്കുള്ള മാറ്റം, പട്ടയം അനുവദിക്കൽ തുടങ്ങിയവയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടും സംരംഭകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായും ബന്ധപ്പെട്ട ചട്ടം പുതുക്കികൊണ്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആന്റ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർച്ചേസ് റൂൾസ് -2023 ( G.O (P) No. 309/2023/RD dated 11/12/2023) പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

**കെ സ്വിഫ്റ്റ്**

കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ സുഗമമാക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ ക്ലിയറൻസ് സംവിധാനമാണ് കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസസ് - www.kswift.kerala.gov.in). കേരളത്തിൽ സംരംഭകത്വം കൂടുതൽ ജനകീയവും സുഗമവുമാക്കുന്നതിനും വ്യവസായവുമായി ബന്ധപ്പെട്ട അനുമതികൾ വിവിധ വകുപ്പുകളിൽ കയറിയിറങ്ങാതെ അതിവേഗം ലഭ്യമാക്കുന്നതിനുമായാണ് വ്യവസായ വകുപ്പ് കെ സ്വിഫ്റ്റ് പദ്ധതി ആവിഷ്കരിച്ചത്. നിലവിൽ 21 വകുപ്പുകളിലും ഏജൻസികളിലുമായി 90 സംയോജിത സേവനങ്ങളാണ് കെസ്വിഫ്റ്റിൽ ലഭ്യമായിട്ടുള്ളത്.

**കെ-സിസ്**

വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനായി തയ്യാറാക്കിയ കേന്ദ്രീകൃത പരിശോധനാ സംവിധാനമാണ് കെ സിസ് (Kerala - CetnraI Inspection System). അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഇപ്പോൾ ഒരുക്കിയിരിക്കുന്നത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി നടത്തുന്നതിനാണ് പോർട്ടലിലൂടെ ലക്ഷ്യമിടുന്നത്.

**എം.എസ്.എം.ഇ സുസ്ഥിരതാ പദ്ധതി.**

സംരംഭക വർഷം (2022-23) പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,39,840 സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പ് വരുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് 'എം.എസ്.എം.ഇ. സുസ്ഥിരതാ പദ്ധതി'. എം.എസ്.എം.ഇ-കളുടെ അടച്ചുപൂട്ടൽ നിരക്ക് കുറക്കുന്നതിനും പുതിയ എം.എസ്.എം.ഇ-കളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**<u>MSME ഇൻഷുറൻസ് പദ്ധതി.</u>**

ഉത്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർചെയ്യാനുള്ള ഓൺലൈൻ സംവിധാനം.

**<u>ബഹുനില വ്യവസായ എസ്റ്റേറ്റ്.</u>**

കുറഞ്ഞ സ്ഥലത്ത് കൂടുതൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മുൻ നിർത്തി സംരംഭകർക്ക് വാടകയ്ക്ക് സ്ഥലവും മറ്റ് അടിസ്ഥാന സൌകര്യങ്ങളും നൽകുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമിച്ചു വരുന്നു.

**<u>എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (ഇ.ഡി.) ക്ലബ്ബുകൾ.</u>**

യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള സാമ്പത്തികസഹായം നൽകുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

**<u>ക്ലസ്റ്റർ വികസന പദ്ധതി .</u>**

സൂക്ഷ്മ -ചെറുകിട മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നതാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**<u>വാണിജ്യ മിഷൻ.</u>**

സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, വാണിജ്യ മേഖലയിലെ സുസ്ഥിര വികസനത്തിനും കേരളത്തിൽ നിന്നുള്ള

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർ ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട് .

**<u>പരാതി പരിഹാര സംവിധാനം .</u>**

സംരംഭങ്ങൾ ആരംഭിക്കുന്നതുമായും നടത്തി കൊണ്ട് പോകുന്നതുമായും ബന്ധപ്പെട്ട് സർക്കാരിന്റെ വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമെന്ന് കണ്ടാൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാ, സംസ്ഥാന തലങ്ങളിൽ സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരാതികൾ സ്വീകരിക്കുന്നതിനും അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു ഓൺലൈൻ പോർട്ടലും ആരംഭിച്ചിട്ടുണ്ട്- www.grievanceredressal.industry.kerala.gov.in

**<u>സേവനങ്ങൾ പൂർണമായും ഓൺലൈൻ .</u>**

വിവര സാങ്കേതിക വിദ്യക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ സേവനങ്ങളും, പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും, ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് വ്യവസായ ഓഫീസുകളും സി.എഫ്.എസ്.സി-കളും പൂർണ്ണമായും ഇ-ആഫീസ് സംവിധാനത്തിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴിയുള്ള എല്ലാ സേവനങ്ങളും www.industry.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**<u>എം.എസ്.എം.ഇ ക്ലിനിക്ക് .</u>**

സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടുള്ള സംവിധാനമാണ് എം എസ് എം ഇ ക്ലിനിക്കുകൾ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായ വിദഗ്ധരുടെ ഒരു പാനൽ ക്രമീകരിച്ചിട്ടുണ്ട്.

**<u>എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ.</u>**

താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫെഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൻമാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

**വ്യവസായ ജാലകം - കേരള എം.എസ് എം.ഇ ജിയോ പോർട്ടൽ.**

വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും, സംരംഭകർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും വ്യവസായ വികസന ഓഫീസർമാർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവര ശേഖരണം നടത്തി വരുന്നു. കൂടാതെ ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് സംരംഭത്തിൻറെ സ്ഥാനം രേഖപ്പെടുത്തുന്നു. ഇതു പ്രകാരം ലഭിക്കുന്ന വിവരം സംസ്ഥാനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഒരു വ്യവസായ ഭൂപടം സജ്ജീകരിച്ചിട്ടുണ്ട്. വ്യവസായ ജാലകം പോർട്ടലിലെ നിലവിലുള്ള സംരംഭങ്ങളുടെ വിവരങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഹെല്പ് ഡെസ്ക്.**

സംസ്ഥാനത്തെ 1034 ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ ഓഫീസുകളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി, പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും Enterprise Development Executive മാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ**

കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണിലഭ്യതലക്ഷ്യമിട്ട് ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/ www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.

**ഭൗമസൂചിക പോർട്ടൽ.**

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്ക് ഒരു ജി. ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. (www.gikerala.in).

**ഡാറ്റ എൻട്രി പോർട്ടൽ**

പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (www.yearofenterprises.kerala.gov.in).

**ചാറ്റ് വിത്ത് മിനിസ്റ്റർ**

വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കുവാനുള്ള സംവിധാനം. സംരംഭകർക്ക് അവരുടെ പരാതികൾ/അന്വേഷണങ്ങൾ 9846441445 എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പറിലേയ്ക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സൺമാരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയ പരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

**ONDC നെറ്റ്‌വർക്ക്**

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുക വഴി അവർക്കു പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അത് വഴി ഡിജിറ്റൽ കോമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റ്ഫോമുകളുടെ കുത്തകകൾ കുറയ്ക്കുന്നതിനുമാണ് ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) എന്ന പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നത്. ONDC നെറ്റ്‌വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകുന്നു.

**ഇൻവെസ്റ്റ് കേരള ഹെല്പ് ഡെസ്ക്**

വ്യവസായ സംരംഭകരുടെ വിവിധ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കോൾ സെൻറർ പ്രവർത്തിച്ചു വരുന്നു. "1800 890 1030" എന്ന ടോൾ-ഫ്രീ നമ്പർ മുഖേന ഈ കോൾ സെന്ററിന്റെ സേവനം ലഭ്യമാണ്. കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഈ കോൾ സെൻറർ, ഹെല്പ് ഡെസ്ക്, എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ പ്രവർത്തനനിരതമാണ്.

> പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയുണ്ടായി. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിനുള്ളിൽ

| | | | | |
|---|---|---|---|---|
| | | | | 91,575 കോടി രൂപയുടെ പുതിയ നിക്ഷേപ പദ്ധതികൾ ആകർഷിക്കുവാൻ കേരള സർക്കാരിന് സാധിക്കുകയുണ്ടായി. 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും, പ്രത്യക്ഷവും പരോക്ഷവുമായ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കാലയളവിൽ, മുടങ്ങിക്കിടന്നിരുന്ന 12240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാനും സാധിച്ചു. ഇതിലുപരി, അന്താരാഷ്ട്ര തലത്തിൽ പ്രമുഖരായ ഡി-സ്പേസ്, ഐബിഎം, സഫ്രാൻ, പോലുള്ള സ്ഥാപനങ്ങൾ അവരുടെ ഓഫീസ് കേരളത്തിൽ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. കൂടാതെ, ടി.സി.എസ് ഇന്നോവേഷൻ പാർക്കും ഡിജിറ്റൽ സയൻസസ് പാർക്കും, ഒരു സമഗ്ര ഗ്രാഫീൻ ആവാസവ്യവസ്ഥ സംസ്ഥാനത്ത് സൃഷ്ടിക്കുവാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ "വർക്ക് ഫ്രം കേരള" എന്ന ആശയം പ്രോത്സാഹിപ്പിക്കാനും നടപ്പിലാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. കേരള വ്യവസായ നയം 2023 സർക്കാർ അംഗീകരിക്കുകയും അത് പ്രകാരമുള്ള തുടർ നടപതികൾ സ്വീകരിച്ചു വരികയും ചെയ്തു വരികയും ചെയ്യുന്നു. ഗ്രഫീൻ നയം, കയറ്റുമതി പ്രോത്സാഹന നയം, കേരള ലോജിസ്റ്റിക്സ് പാർക്ക് നയം, ഇ.എസ്.ജി പോലുള്ള വിവിധ നയങ്ങളുടെ രൂപീകരണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ